**Desabhimani**
**30 August 2018**
**Kochi; Flood Relief, School**

# മദ്രസയിൽ പിറന്നു കുറിച്ച്യർമല എൽപി


ഉരുൾപൊട്ടലിനെ തുടർന്ന് ചുറ്റിലും മണ്ണ് നിറഞ്ഞ കുറിച്ച്യർമല ഗവ. എൽപി സ്കൂൾ


കുറിച്ച്യർമല ഗവ.എൽപി സ്കൂളിലെ കുട്ടികൾ മദ്രസയിൽ തുടങ്ങിയ ക്ലാസ് മുറിയിൽ എത്തിയപ്പോൾ

**എം ഷാജി**

**കൽപ്പറ്റ**

മൂന്നുദിവസം, കൃത്യമായി പറഞ്ഞാൽ 72 മണിക്കൂർ, ഒരു ഹൈടെക് സ്കൂൾ പിറവിയെടുത്തിരിക്കുന്നു!. പ്രളയാനന്തര അതിജീവനത്തിന്റെ ഏറ്റവും മഹാത്തായ മാതൃക. അതിജീവനത്തിന്റെ പാഠപുസ്തകത്തിൽ കുറിച്ച്യർമല ഗവ.എൽപി സ്കൂൾ പുതിയ അധ്യായം എഴുതി ചേർത്തിരിക്കുന്നു. വിദ്യാലയം മലവെള്ളപ്പാച്ചിലിൽ തകർന്നുപോകുന്നത് നിസ്സഹായരായി കണ്ടുനിൽക്കേണ്ടി വന്നവരാണ് സ്കൂളിലെ വിദ്യാർഥികൾ. അവരെ വീണ്ടും അക്ഷരലോകത്തേക്ക് കൈപിടിച്ചുകയറ്റാൻ നാടാകെ ഒന്നിച്ചു.

ബുധനാഴ്ച സ്കൂളുകൾ വീണ്ടും തുറന്നപ്പോൾ പ്രളയജലത്തിൽ തകർന്നുപോയ ഈ സ്കൂളിലെ കുട്ടികളും പഠനം തുടരുകയാണ്, ഒരു ക്ലാസ് പോലും നഷ്ടപ്പെടുത്താതെ. മദ്രസയിലാരംഭിച്ച പുത്തൻ ക്ലാസ്മുറികളിൽ ആർത്തുല്ലസിച്ചാണ് അവർ പ്രവേശിച്ചത്. ജനലുകൾക്കരികിൽ നിറകൺചിരിയോടെ അവരുടെ മാതാപിതാക്കളും സാക്ഷികളായി.

സി കെ ശശീന്ദ്രൻ എംഎൽഎയുടെ നേതൃത്വം, കലക്ടർ വി കേശവേന്ദ്രകുമാറിന്റെ അകമഴിഞ്ഞ പിന്തുണ, വിദ്യാഭ്യാസ വകുപ്പിന്റെ മേൽനോട്ടം, ഗ്രീൻ പാലിയേറ്റീവ്, കലക്ടീവ് ഹ്യൂമൺ ബീയിങ്സ്, മലബാർ ഫ്ളഡ് റിഹാബിലിറ്റേഷൻ വളന്റിയർമാരുടെ കഠിന പ്രയത്നം, ചുവരുകൾ നിറയെ കുട്ടികളുടെ മനം നിറയ്ക്കുന്ന ചിത്രങ്ങളൊരുക്കിക്കൊണ്ട് കലാകാരന്മാർ, ഇതിനു പുറമേ നാട്ടുകാരുടെ കൂട്ടായ്മ എല്ലാം ഒരുമിച്ചപ്പോൾ മേൽമുറി ഹിദായത്തുൽ മദ്രസ മൂന്നുദിവസംകൊണ്ട് ഒരു ഹൈടെക്ക് സ്കൂൾ ആയി മാറി. കാസർകോട് മുതൽ എറണാകുളംവരെയുള്ള അമ്പതോളം ചെറുപ്പക്കാരാണ് സ്കൂളിനായി അഹോരാത്രം പ്രയത്നിച്ചത്.

അലിഗഡ് മുസ്ലിം യൂണിവേഴ്സിറ്റിയിലെ വിദ്യാർഥികൾ പഠനോപകരണങ്ങൾ നൽകി. പോണ്ടിച്ചേരി യൂണിവേഴ്സിറ്റി വിദ്യാർഥികൾ നൽകിയ കളിപ്പാട്ടങ്ങൾ. ജെഎൻയുവിലുള്ളവരുടെ വക സംഭാവന. മൂന്നരലക്ഷം രൂപയാണ് സ്കൂളിനായി ചെലവായത്.

കെഎസ്ടിഎ വകയാണ് ലൈബ്രറി. ക്ലാസ് മുറിയിലെ ചുമരുകളിൽ കുട്ടികൾക്കായുള്ള ചിത്രങ്ങൾ, നല്ല ബെഞ്ചുകളും ഡെസ്കുകളും, അധ്യാപകർക്കും കുട്ടികൾക്കുമുള്ള പഠനോപകരണങ്ങൾ, പ്രധാനാധ്യാപകനുള്ള പ്രത്യേക മുറി, സ്റ്റാഫ് മുറി, ഒന്നുമുതൽ നാലുവരെയുള്ള കുട്ടികൾക്കുള്ള നാല് ക്ലാസ് മുറിയും പ്രീപ്രൈമറി ക്ലാസ് തുടങ്ങി എല്ലാ സൗകര്യങ്ങളുമുണ്ട്.

ഇനിമുതൽ രാവിലെ ഒമ്പതുവരെ മദ്രസയും ശേഷം സ്കൂളുമായി ഇവിടം മാറും. സേട്ടുക്കുന്ന്, മേൽമുറി, കുറിച്ച്യർമല എന്നിവിടങ്ങളിലെ 92 കുട്ടികളാണുള്ളത്. റോഡ് ഒലിച്ചുപോയതിനാൽ സ്കൂളിലെത്താൻ ജീപ്പ് സൗകര്യം ഏർപ്പെടുത്തി.

പ്രദേശത്ത് തുടരെ ഉരുൾപൊട്ടൽ ഉണ്ടായതിനാൽ ദിവസങ്ങളോളം ക്യാമ്പിൽ കഴിഞ്ഞ കുട്ടികൾക്ക് മൂന്നുദിവസം മോട്ടിവേഷൻ ക്ലാസ് മാത്രമാണ് നൽകുകയെന്ന് ഡിഡിഇ കെ പ്രഭാകരൻ പറഞ്ഞു. പ്രവേശന ചടങ്ങ് സി കെ ശശീന്ദ്രൻ എംഎൽഎ ഉദ്ഘാടനംചെയ്തു. ഒന്നരക്കോടി എംഎൽഎ ഫണ്ടിൽനിന്ന് നൽകുമെന്ന് അദ്ദേഹം പറഞ്ഞു.

പഞ്ചായത്ത് പ്രസിഡന്റ് എൻ സി പ്രസാദ് അധ്യക്ഷനായി. കലക്ടർ വി കേശവേന്ദ്രകുമാർ, മദ്രസാധ്യാപകൻ ഷിഹാബുദ്ദീൻ ഫൈസി എന്നിവർ സംസാരിച്ചു. കഴിഞ്ഞ 13ന് പുലർച്ചെയുണ്ടായ ഉരുൾപൊട്ടലിൽ സ്കൂൾ പൂർണമായും മണ്ണും ചെളിയും വന്ന് നിറഞ്ഞു. സ്കൂളിലേക്കുള്ള റോഡ് പിളർന്നുപോയി. അതിനാൽ ഇന്നും അവിടേക്ക് എത്തിപ്പെടാൻ ആർക്കും കഴിഞ്ഞിട്ടില്ല. ദൂരെനിന്ന് കാണാൻ മാത്രമേ ഇപ്പോഴും സാധിക്കൂ.